## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2937** 15/02/2013 ൽ മറുപടിക്ക്

## മൾട്ടി ഗ്രേഡിങ് ലേണിങ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ): | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ മൾട്ടി ഗ്രേഡിങ് ലേണിങ് സെന്ററുകൾ (എം.ജി.എൽ.സി) എൽ.പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ; | എ) പരിഗണനയിലുണ്ട്. |
| ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ; | ബി) കാസർഗോഡ് ജില്ലയിൽ മൊത്തം 57 എം.ജി.എൽ.സി കൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവായി എം.ജി.എൽ.സി കളെ എൽ.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ചുള്ള വിഷയം പരിശോധിച്ചു വരുന്നു. |
| സി) ഇങ്ങനെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തമായി 10 സെന്റ് ഭൂമിയും കെട്ടിടങ്ങളും ഉള്ള ബദൽ വിദ്യാലയങ്ങളെ എൽ.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) എൽ.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുമ്പോൾ വർഷങ്ങളായി ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) എൽ.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യുമ്പോൾ ബദൽ വിദ്യാലയങ്ങളിലെ ഇൻസ്ട്രക്റ്റർമാരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ-പൈമറിതലം ഉൾപ്പെടെയുള്ള ഒഴിവുകളിലേക്ക് നിയമിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ